# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6019 28.10.2011 ൽ മറുപടി നൽകേണ്ടിയിരുന്നത്

## വികലാംഗ ഒഴിവിൽ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ.അസീസ് | ശ്രീ.ഉമ്മൻചാണ്ടി<br>മുഖ്യ മന്ത്രി |
| (എ) സർക്കാർ സർവ്വീസിൽ ക്ലാസ് I, ക്ലാസ് II, തസ്തികകളിൽ വികലാംഗർക്കായി 3% ഒഴിവുകൾ സംവരണം ചെയ്തു കൊണ്ടുള്ള ഉത്തരവ് പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന നടപടി ആരംഭിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| (ബി) എങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ വികലാംഗ സംവരണ പ്രകാരം നിയമനം നൽകിയിട്ടുണ്ടോ; | (ബി) ഉണ്ട്. പി.ഡബ്ല്യൂ.ഡി, ഇറിഗേഷൻ വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ വികലാംഗ സംവരണ നിയമ പ്രകാരം ഒരു ഒഴിവ് നികത്തിയിട്ടുണ്ട്. |
| (സി) 2004 ന ശേഷം നാളിതുവരെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ താഴെപ്പറയുന്ന വകുപ്പുകളിൽ എത്ര പേർക്കാണ് പി.എസ്.സി. നിയമന ശുപാർശ നൽകിയിട്ടുള്ളത്;<br>i) ഇറിഗേഷൻ/പി.ഡബ്ല്യൂ.ഡി.<br>ii) തദ്ദേശസ്വയംഭരണ വകുപ്പ്<br>iii വാട്ടർ അതോറിറ്റി<br>iv) ഇലക്ട്രിസിറ്റി ബോർഡ്<br>v) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | (സി) 2004 ന ശേഷം അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പി.ഡബ്ല്യൂ.ഡിയിലേയ്ക്ക് 300 പേരേയും ജലസേചന വകുപ്പിലെയ്ക്ക് 281 പേരെയും ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിലേയ്ക്ക് 53 പേരെയും വാട്ടർ അതോറിറ്റിയിലേയ്ക്ക് 127 പേരെയും നിയമന ശുപാർശ നൽകിയിട്ടുണ്ട്. |
| (ഡി) ഇതിൽ വികലാംഗരായ എത്ര ഉദ്യോഗാർത്ഥികൾക്ക് സംവരണ ഉത്തരവ് പ്രകാരം നിയമന ശുപാർശ നൽകിയിട്ടുണ്ട്; | (ഡി)പി.ഡബ്ല്യൂ.ഡി, ഇറിഗേഷൻ വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ വികലാംഗ സംവരണ നിയമപ്രകാരം ഒരു ഒഴിവ് നികത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഇ) പ്രസ്തുത വകുപ്പുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ വികലാംഗർക്കായി സംവരണം ചെയ്ത ഒഴിവുകളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ ഉത്തരവായിട്ടുണ്ടോ; | (ഇ) 2004 മുതൽ 2008 വരെയുള്ള വികലാംഗർക്കായി നീക്കി വച്ചിട്ടുള്ള ബാക്ക് ലോഗ് ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി ഒരു സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികകളും ഉൾപ്പെടുന്നുണ്ട്. |
| (എഫ്) എങ്കിൽ പ്രസ്തുത നടപടി എന്ന് ആരംഭിക്കും; ഇതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താനുള്ള നടപടി സ്വീകരിക്കുമോ? | (എഫ്) നടപടി ആരംഭിച്ചിട്ടുണ്ട്. വികലാംഗർക്കായി നീക്കിവച്ചിട്ടുള്ള ബാക്ക് ലോഗ് ഒഴിവുകൾ കെ.പി.എസ്.സി യ്ക്ക് അടിയന്തിരമായി റിപ്പോർട്ട് ചെയ്യുവാൻ വകുപ്പ് അദ്ധ്യക്ഷന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത തസ്തികകൾ നികത്തുന്നതിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുമുണ്ട്. |

Elizabeth

സെക്ഷൻ ഓഫീസർ